## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

### പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മിക്കുന്ന പൊൻകണ്ടം-കടപ്പാറ റോഡ്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 1317

14.06.2013 ൽ മറുപടിക്ക്

| | ചോദ്യം. | | ഉത്തരം. |
|---|---|---|---|
| ശ്രീ. എം. ചന്ദ്രൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ആലത്തൂർ നിയോജകമണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം നിർമ്മാണത്തിലിരിക്കുന്ന പൊൻകണ്ടം -കടപ്പാറ റോഡിന്റെ നിർമ്മാണപ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; | (എ) | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ആലത്തൂർ മണ്ഡലത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പൊൻകണ്ടം-കടപ്പാറ റോഡിന്റെ ഫോർമേഷൻ, ക്രോസ്സ് ഡ്രൈനേജ് പണികൾ പൂർത്തീകരിച്ചു. ജി.എസ്.ബി.യുടെ പണികൾ 4.50 കി.മി. ദൂരം പൂർത്തിയായിട്ടുണ്ട്. |
| (ബി) | റോഡിന്റെ നിർമ്മാണം ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പൊൻകണ്ടം-കടപ്പാറ റോഡിന്റെ പണി പൂർത്തിയാകാത്തത് പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി മനസ്സിലാക്കി ടി റോഡിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കണം എന്നുള്ള നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട് |
| (സി) | റോഡിന്റെ പണി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കാമോ ? | (സി) | ഈ റോഡിന്റെ പണി 2013 ഡിസംബർ 31 ന് മുമ്പ് പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ